# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2949** **21.08.2017 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി പ്രോത്സാഹന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്നു വിശദമാക്കുമോ; | എ) ജൈവകൃഷി പ്രോത്സാഹനത്തിനായി കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, കർഷക കൂട്ടായ്മ, ഫാം ഇൻഫർമേഷൻ ബ്യൂറോ, ഹോർട്ടികോർപ്പ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, കൃഷി ഭവനുകൾ, കൃഷി വകുപ്പ് ഫാമുകൾ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംസഹായ സംഘങ്ങൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. |
| ബി) പദ്ധതി നടത്തിപ്പുമൂലം ഈ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായെന്നു വെളിപ്പെടുത്തുമോ? | ബി)<br>1. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം കർശനമായി നിയന്ത്രിച്ചു.<br>2. ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങളിൽ ലേബൽ ചെയ്യപ്പെട്ട മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു.<br>3. മാരകമെന്ന് കണ്ട 16 രാസ കീടനാശിനികൾ കേരളമൊട്ടാകെ സർക്കാർ നിരോധിക്കുകയുണ്ടായി.<br>4. എൻഡോസൾഫാൻ ദുരിത ജില്ലയായ കാസർഗോഡിനെ 2012-13 ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ചു.<br>5. ജൈവകൃഷി വ്യാപനത്തിനായി പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലന പരിപാടികൾ, സെമിനാർ, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിച്ചു.<br>6. ജൈവകൃഷിയുടെ പ്രോത്സാഹനത്തിനായി ക്ലസ്റ്ററുകൾ രൂപീകരിച്ചു. |

7. ജൈവ കൃഷിയുടെ പരിശീലനത്തിനായി കാസർഗോഡ് ജില്ലയിൽ ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു.
8. റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവ വളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷിയ്ക്ക് ജൈവകീടനാശിനികളുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യം വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷിത്തോട്ടം സ്ഥാപിച്ചു.
9. 250 ഹെക്ടർ സ്ഥലത്ത് പച്ചിലവള കൃഷി വ്യാപിപ്പിക്കുകയും 30 പ്രദർശനത്തോട്ടങ്ങൾ ആരംഭിക്കുകയും ചെയ്തു.
10. എല്ലാ ജില്ലകളിലും ജൈവകൃഷി വ്യാപനത്തിനായി ജൈവസന്ദേശ കൃഷി യാത്ര നടത്തി.
11. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്ത് 65 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.
12. കാസർഗോഡ് ജില്ലയിൽ വി.എഫ്.പി.സി.കെ മുഖാന്തിരം ജൈവ സർട്ടിഫിക്കേഷൻ നൽകി.
13. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നു.
14. 2016-17 ഓണക്കാലത്ത് 983 ടൺ വിഷരഹിത പച്ചക്കറി/പഴം ഉല്പാദിപ്പിക്കുകയുണ്ടായി.
15. കഴിഞ്ഞ വർഷം (2016-17) വരെ 12000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു.

Manjal

**സെക്ഷൻ ഓഫീസർ**